No. CEE/1144/ LLM-2021/TA3

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം– 695 001.

## 2021 ലെ എൽ എൽ.എം കോഴ്സിലേയ്ക്കുള്ള പ്രവേശനം

### കോവിഡ് ബാധിതരായ/ക്വാറന്റൈനിലുള്ള വിദ്യാർത്ഥികൾക്കും അവരുടെ രക്ഷിതാക്കൾക്കുമുള്ള പ്രത്യേക മാർഗ്ഗനിർദ്ദേശങ്ങൾ

കോവിഡ് 19 വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ നടക്കുന്ന എൽ.എൽ.എം പരീക്ഷയ്ക്ക് കോവിഡ് ബാധിതരായ/ക്വാറന്റൈനിലുള്ള/രോഗലക്ഷണങ്ങൾ ഉള്ള അപേക്ഷകർ പരീക്ഷാ കേന്ദ്രങ്ങളിൽ എത്താൻ സാദ്ധ്യതയുണ്ട്. പ്രവേശന പരീക്ഷാ കമ്മീഷണറുടെ വെബ്സൈറ്റിലൂടെ പരീക്ഷാർത്ഥികൾക്ക് കോവിഡ് രോഗത്തെ സംബന്ധിച്ചുള്ള വിവരങ്ങൾ ഓൺലൈനായി റിപ്പോർട്ട് ചെയ്യാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിനായി വിദ്യാർത്ഥികൾ കോവിഡ് പോസിറ്റീവ്/ക്വാറന്റയിൻ വിവരം പ്രവേശന പരീക്ഷാകമ്മീഷണറുടെ വെബ് സൈറ്റിലെ അവരവരുടെ ക്യാൻഡിഡേറ്റ് പോർട്ടലിലെ ' CEE Covid Help Desk' എന്ന ലിങ്ക് വഴി ഓൺലൈനായി രേഖപ്പെടുത്തേണ്ടതുണ്ട്. പരീക്ഷയ്ക്ക് മുമ്പായി കോവിഡ് പോസിറ്റീവ്/ ക്വാറന്റയിൻ അവസ്ഥയ്ക്ക് മാറ്റം വന്നാൽ പ്രസ്തുത വിവരവും മേൽപ്പറഞ്ഞ ലിങ്ക് വഴി രേഖപ്പെടുത്തേണ്ടതാണ്.

ഓൺലൈൻ വഴി രേഖപ്പെടുത്തുന്നതോ ഫോണിലൂടെ വിവരം അറിയിക്കുന്നതോ ആയ ക്വാറന്റൈനിലുള്ള/ രോഗലക്ഷണങ്ങൾ ഉള്ള കോവിഡ് പോസിറ്റീവോ ആയ പരീക്ഷാർത്ഥികൾക്ക് മേൽ പറഞ്ഞ പ്രവേശന പരീക്ഷകൾക്കായി പ്രത്യേക സംവിധാനങ്ങൾ സജ്ജമാക്കിയിട്ടുണ്ട്. ഇതു സംബന്ധിച്ച നിർദ്ദേശങ്ങൾ ചീഫ് സൂപ്രണ്ടുമാർ വിദ്യാർത്ഥികൾക്ക് നൽകേണ്ടതാണ്. ഓരോ പരീക്ഷയുടെയും റിപ്പോർട്ടിംഗ് സമയം ചുവടെ ചേർത്തിരിക്കുന്നു. വിദ്യാർത്ഥികൾ റിപ്പോർട്ടിംഗ് സമയം കൃത്യമായി പാലിക്കേണ്ടതാണ്.

| ക്രമ നം. | പരീക്ഷ | തീയതി | സമയക്രമം |
|---|---|---|---|
| 1 | എൽ.എൽ.എം | 12.08.2021 | റിപ്പോർട്ടിംഗ് സമയം: 1.00 pm-2.00 pm<br>കൂൾ ഓഫ് സമയം: 2.00 pm-2.30 pm<br>പരീക്ഷാസമയം: 2.30 pm -5.00 pm (2.30 മണിക്കൂർ) |

1. കോവിഡ് പോസിറ്റിവായവരും, ക്വാറന്റെയിനിലുള്ളവരും, കോവിഡ് രോഗലക്ഷണങ്ങളുള്ളവരും 'CEE Covid Help Desk' ലൂടെ പരീക്ഷയുടെ തലേ ദിവസം 3.00 മണിക്കു മുമ്പു തന്നെ പ്രവേശന പരീക്ഷാ കമ്മീഷണറുടെ വെബ്സൈറ്റ് മുഖേന ഈ വിവരം അറിയിക്കേണ്ടതാണ്. ഇപ്രകാരമുള്ള വിദ്യാർത്ഥികൾ പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഓഫീസിൽ നിന്നും അറിയിക്കുന്ന ഫോൺ നമ്പരിൽ സെന്റർ കോഡിനേറ്റർമാരുമായി ബന്ധപ്പെടേണ്ടതാണ്. അവർ ഈ ഉദ്യോഗസ്ഥരുടെ നിർദ്ദേശങ്ങൾ കർശനമായും പാലിക്കേണ്ടതുമാണ്.
2. പ്രസ്തുത വിദ്യാർത്ഥികൾ നിശ്ചിത സമയത്ത് സ്വന്തമായി ഏർപ്പാട് ചെയ്തിട്ടുള്ള വാഹനത്തിൽ പരീക്ഷാ കേന്ദ്രത്തിൽ എത്തേണ്ടതും, ഇവരും രക്ഷിതാക്കളും

മറ്റുള്ളവരിൽ നിന്ന് അകലം പാലിക്കുകയും ചെയ്യേണ്ടതാണ്. ഈ വിദ്യാർത്ഥികളെ അനുഗമിക്കുന്ന രക്ഷകർത്താക്കളും പരീക്ഷാ കേന്ദ്രത്തിനു മുമ്പിൽ വിദ്യാർത്ഥികളെ എത്തിച്ചതിനുശേഷം തിരികെ പോകേണ്ടതും പരീക്ഷ അവസാനിച്ചതിനുശേഷം അധികൃതരുടെ നിർദ്ദേശാനുസരണം വിദ്യാർത്ഥികളെ തിരികെ കൂട്ടികൊണ്ടു പോകേണ്ടതുമാണ്.

3. വിദ്യാർത്ഥികളുടെ ബാഗും മറ്റു സാധനങ്ങളും പരീക്ഷാ ഹാളിനു പുറത്ത് കൂട്ടമായി വയ്ക്കാതെ സെന്റർ കോഡിനേറ്റർ നിർദ്ദേശിക്കുന്ന പ്രത്യേകം സ്ഥലത്ത് സുരക്ഷിതമായി വയ്ക്കേണ്ടതാണ്.

4. വിദ്യാർത്ഥികൾ മാസ്ക് (N95/ഡബിൾ മാസ്ക്) നിർബന്ധമായും ധരിക്കേണ്ടതും അവശ്യം വേണ്ട സാമഗ്രികൾ (പേന,(കറുപ്പ്/നീല ബോൾ പോയിന്റ്) വെള്ളം, ഉച്ച ഭക്ഷണം) എന്നിവ കൈയ്യിൽ കരുതേണ്ടതും യാതൊരു കാരണവശാലും അവ കൈമാറ്റം ചെയ്യാൻ പാടില്ലാത്തതുമാണ്.

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
09.08.2021